**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 499 | | 21.10.2011ൽ മറുപടിയ്ക്ക് | |
| **ചിൽഡ്രൻസ് കമ്മീഷൻ രൂപീകരിക്കാൻ നടപടി** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. ബി.ഡി. ദേവസ്സി<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. റ്റി.വി. രാജേഷ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കാൻ ചിൽഡ്രൻസ് കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പഠനം നടത്തിയിട്ടുണ്ട്. സ്കൂൾ കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധതരം പീഡനങ്ങൾ (സാമൂഹികം, ശാരീരികം,മാനസികം, ലൈംഗികം തുടങ്ങിയ) സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് പഠനം നടത്തിയിട്ടുണ്ട്. ഇതിനായി 1000 സൂപ്പർവൈസർമാർ 100 കുട്ടികളെ വീതം കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. |
| (സി) | സമൂഹത്തിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ട കുട്ടികളുടെ കാര്യത്തിൽ ക്രിയാത്മകമായ എന്തു പരിപാടിയാണ് | (സി) | (i)ഇത്തരം കുട്ടികളുടെ പുനരധിവാസത്തിനായി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവകാശം |

| | | | |
|---|---|---|---|
| | ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | | നിഷേധിക്കപ്പെട്ട കുട്ടിയെക്കുറിച്ച് പഠനം നടത്തിയശേഷം ആവശ്യമായ പുനരധിവാസ ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. ആരും ശ്രദ്ധിക്കാനില്ലാത്ത കുട്ടികളെ സാമൂഹ്യക്ഷേമ വകുപ്പിലെ ചിൽഡ്രൻസ് ഹോമുകളിൽ പാർപ്പിച്ച് വിദ്യാഭ്യാസം നൽകി പുനരധിവസിപ്പിക്കുന്നതിന് സൗകര്യം ഉണ്ട്.<br>**(ii)** കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കേൾക്കുന്നതിന് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്ട് 2005 ലെ സെക്ഷൻ 25 അനുസരിച്ച് പ്രിൻസിപ്പൽ സെഷൻസ് കോർട്ടുകളെ ചിൽഡ്രൻസ് കോർട്ടുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>(iii)ഐ.സി.പി.എസ് നടപ്പിലാക്കുന്നതാണ്.<br>**(iv)** കുട്ടികളുടെ അവകാശ കമ്മീഷൻ രൂപീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ